




# ഉൾക്കണ്ണിലെ പ്രകാശം

ലൂക്കാ 18:35 – 45; 2 തെസ. 1:3 – 10; ഏശയ്യാ 31:4 – 9; നിയമാ. 6:20 – 25

ബ്ര. ജോൺസൺ പുളിങ്ങപ്പള്ളിൽ MCBS

Vol. 12, Issue: 12

**ദി**വ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

കർത്താവിന്റെ മഹത്വപൂർണ്ണമായ രൂപാന്തരീകരണവും അവിടുത്തെ രണ്ടാമത്തെ ആഗമനവും അനുസ്മരിച്ച് ശിക്ഷയുടെ അടയാളമായിരുന്ന കുരിശിനെ രക്ഷയുടെയും പ്രത്യാശയുടെയും ചിഹ്നമായി ഉയർത്തിപ്പിടിച്ച് വിജയശ്രീലാളിതനായി നീതിമാന്മാരോടൊപ്പം ദൈവത്തിന്റെ വലതുഭാഗം അലങ്കരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന ഏലിയാ ശ്ലീവാ മൂശാക്കാലത്തിലെ ഒന്നാം ഞായറാഴ്ച തിരുസഭാമാതാവ് വി. ലൂക്കായുടെ സുവിശേഷം 18-ാം അദ്ധ്യായം 35 മുതൽ 43 വരെയുള്ള വാക്യങ്ങളാണ് നമുക്ക് വിചിന്തനത്തിനായി നൽകിയിരിക്കുന്നത്.

കടന്നുപോകുന്ന തമ്പുരാനെ, ദാവീദിന്റെ പുത്രനെ വിളിച്ചുനിർത്തി അനുഗ്രഹം നേടിയ ഒരു അന്ധയാചകനെയും അവന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളുമാണ് ഇന്നത്തെ സുവിശേഷത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. ഒറ്റപ്പെട്ടവന്റെ ജീവിതത്തിൽ കരുണയുടെ കരങ്ങളാകുകയും അവന്റെ മുമ്പിൽ കാരുണ്യത്തിന്റെ പ്രതിരൂപമാവുക എന്നതും സ്നേഹത്തെ കരുണയായി കാണുന്ന ഒരു വ്യക്തിക്കു മാത്രം കഴിയുന്ന കാര്യമാണ്. സ്നേഹവും കരുണയും ഹൃദയത്തിൽ പ്രതിഷ്ഠിച്ച ഒരു വ്യക്തിക്കു മാത്രമേ യേശുവിനെ തന്റെ കണ്ണുകളിൽ പ്രതിഫലിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കടന്നുപോകുന്ന കർത്താവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ അന്ധന്റെ ഹൃദയം ജ്വലിക്കുകയായിരുന്നു. കരുതലിനും സൗഖ്യത്തിനും വേണ്ടിയുള്ള അവന്റെ നിലവിളി കർത്താവിന്റെ സന്നിധിയിലെത്തിയപ്പോൾ അത് സൗഖ്യത്തിന്റെയും നിത്യരക്ഷയുടെയും സമയമായി മാറി.

ഒരു മനുഷ്യന്റെ എല്ലാ അറിവിന്റെയും അനുഭവങ്ങളുടെയും ആദ്യവാതിൽ അവന്റെ കണ്ണുകളാണ്. പക്ഷേ, അന്ധത പലപ്പോഴും അവനെ ആപത്തിലേക്ക് കൊണ്ടെത്തിക്കുന്നു. അത് ശാരീരിക അന്ധതയല്ല; മനസിന്റെ അന്ധതയാണ്. കാണാൻ കണ്ണുണ്ടായിട്ടും കൂടെയുള്ളവനെ മനസിലാക്കാൻ അവന് കഴിയാതെ പോകുന്നു. "അടുത്തു നിൽപോരവനെ നോക്കാൻ അക്ഷികളില്ലാത്തോനരൂപനീശൻ, അദൃശ്യനായാൽ അതിലെന്താശ്ചര്യം" എന്ന് മഹാകവി ഉള്ളൂർ തന്റെ പ്രേമസംഗീതം എന്ന കവിതയിൽ പറയുന്നുണ്ട്.

കേട്ടുപഴകിയ ഒരു കഥയാണിത്. ദിവസവും പരിക്കുമായി വീട്ടിലേക്കു വരുന്ന അന്ധയാചകന്, മറ്റുള്ളവർക്ക് അവനെ കാണുന്നതിനു വേണ്ടി കൂട്ടുകാരൻ ഒരു തൂക്കുവിളക്ക് സമ്മാനമായി കൊടുത്തു. പക്ഷേ, അന്നും അയാൾ തട്ടിവീണു. പെട്ടെന്ന് തപ്പിത്തടഞ്ഞെഴുന്നേറ്റ ആ യാചകൻ ക്ഷുഭിതനായി

ചോദിച്ചു: ‘‘തനിക്കും കണ്ണു കാണില്ലേ? എന്റെ കയ്യിൽ വിളക്കിരിക്കുന്നത് കണ്ടില്ലേ?’’ എന്നാൽ മറ്റേ വ്യക്തി വളരെ ശാന്തമായി പറഞ്ഞു: ‘‘സുഹൃത്തേ, താങ്കളുടെ കയ്യിൽ വിളക്കുണ്ടായിരിക്കാം. പക്ഷേ, അതിൽ പ്രകാശമില്ലാതെ ഞാൻ എങ്ങനെയാണ് നിങ്ങൾ വരുന്നുണ്ടെന്ന് അറിയുക.’’

കാഴചയുടെ വലിയ അർത്ഥതലങ്ങളിലേക്കാണ് ഈ കഥ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. അന്ധത എന്നത് പ്രകാശം തിരിച്ചറിയാൻ സാധിക്കാത്ത മനുഷ്യന്റെ അവസ്ഥയാണ്. മുന്നിൽ നിൽക്കുന്നവൻ തന്റെ കണ്ണുകൾ കൂടുതൽ പ്രകാശിതമാക്കുവാൻ കഴിവുള്ളവനാണെന്ന് അറിയാതെ ജീവിക്കുന്നതാണ് യഥാർത്ഥമായ അന്ധത. ഇന്നത്തെ സുവിശേഷത്തിലെ യാചകൻ അന്ധനാണെങ്കിലും ദാവീദിന്റെ പുത്രനായ യേശുവിനെ തിരിച്ചറിയുവാനും രക്ഷ പ്രാപിക്കുവാനും കഴിഞ്ഞവനാണ്. കടന്നുപോകുന്ന കർത്താവിനെ കാണാനുള്ള കഴിവില്ലായ്മയാണ് പുതിയ തലമുറയുടെ അന്ധത. അകക്കണ്ണുകളുടെ വെളിച്ചത്തിൽ കടന്നുപോകുന്ന കർത്താവിനെ കണ്ട് നിലവിളിച്ച് അപേക്ഷിക്കുകയാണ് അന്ധയാചകൻ. കൂടെയുണ്ടായിരുന്ന ജനക്കൂട്ടം തൊട്ടും മുട്ടിയുമൊക്കെ നടന്നിട്ടും കർത്താവാണ് കൂടെ നടക്കുന്നതെന്ന ബോദ്ധ്യമില്ലാതെ അകമേ അന്ധരായവരാണ്. ജീവിതത്തിലെ ചില കാഴ്ചകൾ മറഞ്ഞ് അന്ധരായിത്തീരുമ്പോൾ കടന്നുപോയവൻ കർത്താവാണെന്ന് നാം വൈകിയേ മനസിലാക്കുകയുള്ളൂ.

ചെറുപ്പത്തിലേ തന്നെ അന്ധയും ബധിരയുമായ ഹെലൻ കെല്ലർ തന്റെ ജീവിതത്തെക്കുറിച്ചു പറയുന്നതിനിടയിൽ ഇപ്രകാരം പറഞ്ഞു: ‘‘ഞാൻ ഒരു യൂണിവേഴ്സ്റ്റിയുടെ വൈസ് ചാൻസിലർ ആയിരുന്നെങ്കിൽ നിങ്ങളുടെ കണ്ണുകൾ എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ച് ഒരു വിഷയം തന്നെ കൊണ്ടുവരുമായിരുന്നു. കാരണം, കണ്ണില്ലാത്തപ്പോൾ മാത്രമേ കണ്ണിന്റെ വില അറിയൂ.’’ അന്ധയാചകൻ തന്റെ ഉൾക്കണ്ണുകളുടെ വെളിച്ചത്തിലാണ് കടന്നുപോകുന്ന കർത്താവിനെ തിരിച്ചറിയുന്നത്.

പ്രശസ്ത നോവലിസ്റ്റായ പൗലോ കൊയ്ലോ തന്റെ ആൽക്കമിസ്റ്റ് എന്ന നോവലിൽ ഇപ്രകാരം പറയുന്നു: ‘‘അവസരങ്ങളുമായി ദൈവം നമ്മെ തേടിവരുന്നത് വളരെ അപൂർവ്വമായിട്ടേയുള്ളൂ. ഒരു തവണയെങ്കിലും അവിടുന്ന് വരാതിരിക്കില്ല. അത് കണ്ടെത്തി സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും; നഷ്ടപ്പെടുത്തുന്നവൻ കഷ്ടപ്പെടും.’’ അന്ധയാചകന്റെ മുമ്പിലൂടെ ദൈവം കടന്നുപോയപ്പോൾ ഇത് തനിക്കു വന്ന അവസരമാണെന്നു മനസിലാക്കി ഉചിതമായി പ്രവർത്തിച്ച് ജീവിതത്തിൽ രക്ഷ നേടിയവനാണ് അവൻ.

ജീവിതത്തിൽ പലപ്പോഴായി നമ്മുടെ മുമ്പിൽ കർത്താവ് പ്രത്യക്ഷപ്പെട്ട ഒരുപാട് അവസരങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ഒരോ വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുമ്പോഴും അവിടുത്തെ സ്വീകരിക്കുമ്പോഴും തന്റെ അന്ധത നീക്കി തന്നെ സുഖപ്പെടുത്താൻ കഴിവുള്ളവനാണ് അവനെന്നു മനസിലാക്കി അവനിൽ നിന്ന് രക്ഷ പ്രാപിക്കുവാൻ സാധിക്കണം. വിശുദ്ധ കുർബാന പോലെ തന്നെ നമ്മുടെ ജീവിതത്തിലെ അന്ധത നീക്കാൻ നമ്മെ സഹായിക്കുന്നതാണ് വിശുദ്ധ ഗ്രന്ഥവും കൂദാശകളും മറ്റു പ്രാർത്ഥനകളും. ഇവ വഴി നമുക്ക് നമ്മുടെ മുമ്പിലൂടെ കടന്നുപോകുന്ന കർത്താവിനെ പിടിച്ചുനിർത്തി സൗഖ്യം പ്രാപിക്കാം. പഴയനിയമത്തിലെ ഇസ്രായേൽ ജനതയെപ്പോലെ ദൈവം കടന്നുപോയ വഴികളെല്ലാം പല തവണ കൊട്ടിയടച്ചവരാണ് നമ്മൾ. വി. അഗസ്തീനോസ് ഇപ്രകാരം പറയുന്നു: ‘‘കടന്നുപോകുന്ന കർത്താവിനെ നാം ഭയപ്പെടേണം. കാരണം അവൻ പോയ വഴിയിൽക്കൂടി തിരിച്ചുവരുമോ എന്ന് നമുക്ക് അറിയില്ല.’’

പ്രിയമുള്ള സഹോദരങ്ങളേ, പൗരസ്ത്യ സഭാപിതാവായ വി. എഫ്രേം പറയുന്നത്, ‘‘ആ അന്ധയാചകന് കാഴ്ച മാത്രമല്ല നിത്യജീവനും കൂടിയാണ് കർത്താവിൽ നിന്ന ലഭിച്ചത്.’’ തന്റെ മുന്നിലൂടെ കടന്നുപോയ കർത്താവിനെ തന്റെ ഉൾക്കാഴ്ച കൊണ്ട് കണ്ട് രക്ഷ പ്രാപിച്ച അന്ധനെപ്പോലെ നമുക്കും നമ്മുടെ മുന്നിലൂടെ കടന്നുപോകുന്ന കർത്താവിനെ കണ്ണു കൊണ്ട് കണ്ട്, അവനെ പിടിച്ചുനിർത്തി അവന്റെ പക്കൽ നിന്നും അനുഗ്രഹങ്ങൾ ചോദിച്ചുവാങ്ങാം. അല്ലാതെ കൂടെ നടന്നിട്ടും ഉള്ളാലെ അന്ധരായ ജനക്കൂട്ടത്തിലൊരാളാകരുത്. കണ്ണുകളുടെ തുറവിയേക്കാൾ ഉൾക്കണ്ണിന്റെ തുറവിയുണ്ടായിരിക്കണം. കടന്നുപോകുന്ന കർത്താവിനെ തിരിച്ചറിയുവാനുള്ള ഉൾക്കാഴ്ച ഉണ്ടായിരിക്കണം. മനസ് എപ്പോൾ കർത്താവിനു വേണ്ടി തുറക്കുന്നുവോ അവിടെ നിന്റെ കണ്ണുകളുടെ പ്രകാശം ഇരട്ടിയായിരിക്കും. ഉൾക്കണ്ണുകളിൽ പ്രകാശമുണ്ടായാൽ ജീവിതം ശോഭിതമാകും. അതിനായി സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും പ്രാപ്തരാക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും, ആമ്മേൻ.